കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

50

सत्यमेव जयते

# ഭരണഘടന
# (മുപ്പത്തെട്ടാം ഭേദഗതി)
# ആക്റ്റ്, 1975


യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

വില: രൂ0-50

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഭരണഘടന
## (മുപ്പത്തെട്ടാം ഭേദഗതി)
## ആക്റ്റ്, 1975

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

© കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഭരണഘടന (മുപ്പത്തെട്ടാം ഭേദഗതി) ആക്റ്റ്, 1975

ഇൻഡ്യയുടെ ഭരണഘടന കൂടുതലായി ഭേദഗതി ചെയ്യുന്നതിനുള്ള ആക്റ്റ്.

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ ഇരുപത്താറാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു.

1. ഈ ആക്റ്റിന് ഭരണഘടന (മുപ്പത്തെട്ടാം ഭേദഗതി) ആക്റ്റ്, 1975 എന്നു പേര് പറയാവുന്നതാണ്. ചുരുക്കപ്പേര്.

2. ഭരണഘടനയുടെ 123–ാം അനുച്ഛേദത്തിൽ, (3)–ാം ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതും, എപ്പോഴും ചേർക്കപ്പെട്ടിരുന്നതായി കരുതപ്പെടുന്നതും ആകുന്നു, അതായത്:— 123–ാം അനുച്ഛേദത്തിന്റെ ഭേദഗതി.

"(4) ഈ ഭരണഘടനയിൽ എന്തുതന്നെയിരുന്നാലും, (1)–ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള രാഷ്ട്രപതിയുടെ ബോദ്ധ്യപ്പെടൽ അന്തിമവും നിശ്ചായകവും ആയിരിക്കുന്നതും, ഏതെങ്കിലും കാരണത്തിൻമേൽ ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതും ആകുന്നു."

3. ഭരണഘടനയുടെ 213–ാം അനുച്ഛേദത്തിൽ, (3)–ാം ഖണ്ഡത്തിനുശേഷം, താഴെപറയുന്ന ഖണ്ഡം ചേർക്കേണ്ടതും, എപ്പോഴും ചേർക്കപ്പെട്ടിരുന്നതായി കരുതപ്പെടുന്നതുമാകുന്നു, അതായത്:— 213–ാം അനുച്ഛേദത്തിന്റെ ഭേദഗതി.

"ഈ ഭരണഘടനയിൽ എന്തുതന്നെയിരുന്നാലും, (1)–ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഗവർണ്ണറുടെ ബോദ്ധ്യപ്പെടൽ അന്തിമവും നിശ്ചായകവും ആയിരിക്കുന്നതും, ഏതെങ്കിലും കാരണത്തിൻമേൽ ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു."

3/841/MG.

239ഖ അനുച്ഛേദത്തിന്റെ ഭേദഗതി

4. ഭരണഘടനയുടെ 239 ഖ അനുച്ഛേദത്തിൽ, (3)—ാം ഖണ്ഡത്തിനുശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതും, എപ്പോഴും ചേർക്കപ്പെട്ടിരുന്നതായി കരുതപ്പെടുന്നതുമാകുന്നു, അതായത്:—

''(4) ഈ ഭരണഘടനയിൽ എന്തുതന്നെയിരുന്നാലും, (1)—ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഭരണകർത്താവിന്റെ ബോദ്ധ്യപ്പെടൽ അന്തിമവും നിശ്ചായകവും ആയിരിക്കുന്നതും, ഏതെങ്കിലും കാരണത്തിൻമേൽ ഏതെങ്കിലും കോടതിയിൽ ചോദ്യംചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു.''

352—ാം അനുച്ഛേദത്തിന്റെ ഭേദഗതി.

5. ഭരണഘടനയുടെ 352—ാം അനുച്ഛേദത്തിൽ, (3)—ാം ഖണ്ഡത്തിനുശേഷം, താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതും, എപ്പോഴും ചേർക്കപ്പെട്ടിരുന്നതായി കരുതപ്പെടുന്നതുമാകുന്നു,, അതായത്:—

''(4) രാഷ്ട്രപതിക്ക് ഈ അനുച്ഛേദം നല്കുന്ന അധികാരത്തിൽ, യുദ്ധം, അല്ലെങ്കിൽ ബാഹ്യാക്രമണം, അല്ലെങ്കിൽ ആഭ്യന്തരകലാപം, അല്ലെങ്കിൽ യുദ്ധത്തിന്റേയോ ബാഹ്യാക്രമണത്തിന്റേയോ ആഭ്യന്തര കലാപത്തിന്റേയോ ആസന്നവിപത്ത് എന്നീ വ്യത്യസ്ത കാരണങ്ങളിൻമേൽ വ്യത്യസ്ത വിളംബരങ്ങൾ പുറപ്പെടുവിക്കാനുള്ള അധികാരം, രാഷ്ട്രപതി (1)—ാം ഖണ്ഡത്തിൻകീഴിൽ മുമ്പേ പുറപ്പെടുവിച്ചിട്ടുള്ള ഒരു വിളംബരം ഉണ്ടായിരിക്കുകയും, അങ്ങനെയുള്ള വിളംബരം പ്രവർത്തനത്തിലുണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിലും ഇല്ലെങ്കിലും, ഉൾപ്പെടുന്നതാകുന്നു.

(5) ഈ ഭരണഘടനയിൽ എന്തുതന്നെയിരുന്നാലും,

(ക) (1)-ാം ഖണ്ഡത്തിലും (3)-ാം ഖണ്ഡത്തിലും പറഞ്ഞിട്ടുള്ള രാഷ്ട്രപതിയുടെ ബോദ്ധ്യപ്പെടൽ അന്തിമവും നിശ്ചായകവും ആയിരിക്കുന്നതും, ഏതെങ്കിലും കാരണത്തിൻമേൽ ഏതെങ്കിലും കോടതിയിൽ ചോദ്യംചെയ്യപ്പെടാൻ പാടില്ലാത്തതും;

(ഖ) (2)—ാം ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി,—

(i) (1)—ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള അർത്ഥത്തോടുകൂടിയ, രാഷ്ട്രപതി വിളംബരം

മുഖേന ചെയ്യുന്ന ഒരു പ്രഖ്യാപനത്തിന്റേയോ; അല്ലെങ്കിൽ

(ii) അങ്ങനെയുള്ള വിളംബരത്തിന്റെ തുടർന്നുള്ള പ്രവർത്തനത്തിന്റേയോ,

സാധുത സംബന്ധിച്ച ഏതെങ്കിലും പ്രശ്നം ഏതെ ങ്കിലും കാരണത്തിൻമേൽ സുപ്രീംകോടതിക്കോ മറ്റേ തെങ്കിലും കോടതിക്കോ പരിഗണനയ്ക്ക് സ്വീകരി ക്കുവാൻ അധികാരിത ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു."

356-ാം അനുച്ഛേദത്തിന്റെ ഭേദഗതി.

6. ഭരണഘടനയുടെ 356-ാം അനുച്ഛേദ ത്തിൽ, (4)-ാം ഖണ്ഡത്തിനുശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതും എപ്പോഴും ചേർക്ക പ്പെട്ടിരുന്നതായി കരുതപ്പെടുന്നതുമാകുന്നു, അതായത്:—

"(5) ഈ ഭരണഘടനയിൽ എന്തുതന്നെയിരു ന്നാലും, (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള രാഷ്ട്രപതിയുടെ ബോദ്ധ്യപ്പെടൽ അന്തിമവും നിശ്ചായകവും ആയിരിക്കുന്നതും, ഏതെങ്കിലും കാരണത്തിൻമേൽ ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു."

359-ാം അനുച്ഛേദത്തിന്റെ ഭേദഗതി.

7. ഭരണഘടനയുടെ 359-ാം അനുച്ഛേദ ത്തിൽ, (1)-ാം ഖണ്ഡത്തിനുശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതും, എപ്പോഴും ചേർക്ക പ്പെട്ടിരുന്നതായി കരുതപ്പെടുന്നതുമാകുന്നു, അതായത്:—

"(1ക) III-ാം ഭാഗത്താൽ നല്കപ്പെട്ടിട്ടുള്ള അവകാശങ്ങളിൽ ഏതെങ്കിലും പറഞ്ഞുകൊണ്ട് (1)-ാം ഖണ്ഡത്തിൻ കീഴിൽ പുറപ്പെടുവിക്കുന്ന ഒരു ഉത്തരവു പ്രവർത്തനത്തിലിരിക്കുന്നതായാൽ, ആ അവകാശങ്ങൾ നല്കുന്ന ആ ഭാഗത്തിലെ യാതൊന്നും, ആ ഭാഗത്തിൽ നിർവ്വചിച്ചിട്ടുള്ളതുപോലെയുള്ള സ്റ്റേററിന് ഏതു നിയമമോ നിർവ്വഹണ നടപടിയോ ആണ് ആ ഭാഗത്തിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥ കൾ ഉണ്ടായിരുന്നില്ലെങ്കിൽ ആ സ്റ്റേററിന് നിർ മ്മിക്കുവാനോ അല്ലെങ്കിൽ സ്വീകരിക്കുവാനോ ക്ഷമത യുണ്ടാകുമായിരുന്നത്, അങ്ങനെയുള്ള ഏതെങ്കിലും നിയമം നിർമ്മിക്കുവാനോ നിർവ്വഹണനടപടി സ്വീക രിക്കുവാനോ ഉള്ള അധികാരത്തെ നിയന്ത്രിക്കുന്നതല്ലാ ത്തതും, എന്നാൽ അങ്ങനെ നിർമ്മിക്കപ്പെട്ട ഏതെ ങ്കിലും നിയമത്തിന്, ആ ക്ഷമതയില്ലായ്മയുടെ

വ്യാപ്തിയോളം, ആ നിയമത്തിനു താഴെ പറയുന്ന വിധത്തിൽ പ്രഭാവമില്ലാതാകുന്നതിനു മുമ്പ് ചെയ്തിട്ടുള്ളതോ ചെയ്യാൻ വിട്ടുപോയിട്ടുള്ളതോ ആയ കാര്യങ്ങൾ സംബന്ധിച്ചിടത്തോളമൊഴികെ, ആ ഉത്തരവ് പ്രവർത്തനരഹിതമായിത്തീർന്ന ഉടനെ, പ്രഭാവം ഇല്ലാതായിത്തീരുന്നതുമാകുന്നു.''

**360-ാം അനുച്ഛേദത്തിന്റെ ഭേദഗതി.**

8. ഭരണഘടന, 360-ാം അനുച്ഛേദത്തിൽ, (4)-ാം ഖണ്ഡത്തിനുശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതും, എപ്പോഴും ചേർക്കപ്പെട്ടിരുന്നതായി കരുതപ്പെടുന്നതുമാകുന്നു, അതായത്:—

(5) ''ഈ ഭരണഘടനയിൽ എന്തുതന്നെയിരുന്നാലും,—

(ക) (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള രാഷ്ട്രപതിയുടെ ബോദ്ധ്യപ്പെടൽ അന്തിമവും നിശ്ചായകവും ആയിരിക്കുന്നതും, ഏതെങ്കിലും കാരണത്തിൻമേൽ ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ലാത്തതും;

(ഖ) (2)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി,—

(i) (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള അർത്ഥത്തോടുകൂടിയ, രാഷ്ട്രപതി വിളംബരം മുഖേന ചെയ്യുന്ന ഒരു പ്രഖ്യാപനത്തിന്റേയോ; അല്ലെങ്കിൽ

(ii) അങ്ങനെയുള്ള വിളംബരത്തിന്റെ തുടർന്നുള്ള പ്രവർത്തനത്തിന്റേയോ,

സാധുത സംബന്ധിച്ച ഏതെങ്കിലും പ്രശ്നം ഏതെങ്കിലും കാരണത്തിൻമേൽ പരിഗണനയ്ക്ക് സ്വീകരിക്കാൻ സുപ്രീംകോടതിക്കോ മറ്റേതെങ്കിലും കോടതിക്കോ അധികാരിത ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.''

---